റിപ്പോർട്ട്

ശിഹാബ് പൂക്കോട്ടൂർ

# വേനൽചൂടിൽപെയ്തിറങ്ങിയ സന്തോഷങ്ങൾ

**വേനൽചൂടിൽ** വിണ്ടു കീറിയ ഭൂമിയിലേക്ക് തെളിനീരായി അവർ പെയ്തിറങ്ങുകയായിരുന്നു. ആലസ്യത്തിന്റെ അവധിക്കാലത്ത് ആദർശത്തിന്റെ തീജ്വാലയായി പടരാനും അവർക്കു സാധിച്ചു. കുസൃതികളും, വിനോദങ്ങളും പഠനങ്ങളുമായി അവർ എസ്.ഐ.ഒ വിന്റെ തണലിൽ അൽപനേരം വിശ്രമിക്കുകയായിരുന്നു. ദൈവത്തെകുറിച്ചും പ്രപഞ്ചത്തെകുറിച്ചും ഉൾതെളിച്ചമുണ്ടാക്കുന്ന അറിവുകൾ ആർജിക്കാനും അനീതികളെ ചോദ്യംചെയ്യാനും പരസ്പരം സ്നേഹിക്കാനും ഒരു ഒത്തുകൂടൽ. 'തെറിച്ച പിള്ളേരുടെ' തെളിച്ചങ്ങൾ തന്നെയാണ് ആദർശ സമൂഹത്തിന്റെ പിൻബലമെന്ന് അവർ ഓരോ ദിവസവും തെളിയിച്ചു കൊണ്ടിരുന്നു. കിനാവ് കൊഴിഞ്ഞ് ജരാനര ബാധിച്ചവരല്ലെന്നും ഏറുമാടങ്ങളിലിരുന്ന് കനിവുവറ്റി മിഴിയടച്ചവരല്ല തങ്ങളെന്നും ഉറക്കെ വിളിച്ചു പറയുന്നതായിരുന്നു ഈ വിദ്യാർഥി കൂട്ടായ്മകൾ. കാസർകോഡ് മുതൽ തിരുവനന്തപുരം വരെ കേരളത്തിലെ മുഴുവൻ മേഖലകളിലും ഈ കുരുന്നുകളുടെ കളിയാരവങ്ങളും പഠനപ്രവർത്തനങ്ങളും സമരപുറപ്പാടുകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവധിക്കാലമെന്ന ഗൃഹാതുരത്വത്തെ തിരിച്ചു പിടിക്കുകയായിരുന്നു. 44 മേഖലകളുടെ കീഴിൽ 56 ടീൻസ്മീറ്റുകളിലായി ആയിരക്കണക്കിന് വിദ്യാർഥികൾ എസ്.ഐ.ഒ ഒരുക്കിയ വർണാഭമായ വിരുന്നുകളിൽ പങ്കെടുത്തു.

എസ്.എസ്.എൽ.സി കഴിഞ്ഞ വിദ്യാർഥികൾക്കു വേണ്ടി വളരെ വിപുലമായ രീതിയിൽ എസ്.ഐ.ഒ എല്ലാ



*പൊന്നാനിയിലെ ടീൻസ് മീറ്റ് കേരള മദ്യനിരോധനസമിതി സെക്രട്ടറി ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.*

വർഷവും സംഘടിപ്പിക്കുന്ന കൂട്ടായ്മകളാണ് ടീൻസ് മീറ്റുകൾ. വേറെ ഏതു വിദ്യാർഥി സംഘടനക്കും അവകാശപ്പെടാൻ സാധിക്കാത്ത വിധം ആസൂത്രിതവും വ്യാപകവുമായി സംഘടിപ്പിക്കാൻ എസ്.ഐ.ഒ വിന് മാത്രമേ സാധിച്ചിട്ടുള്ളൂ. എസ്.ഐ.ഒ അതിന്റെ പ്രവർത്തന കാലയളവിൽ ഹൈസ്കൂൾ വിദ്യാർഥികൾക്ക് വേണ്ടി ധാരാളം സമയം മാറ്റിവെക്കുന്നുണ്ട്. അതിന്റെ നയപരിപാടികളിൽ ഹൈസ്കൂൾ വിദ്യാർഥികൾക്ക് വേണ്ടി നിരവധി പരിപാടികളും പ്രവർത്തനങ്ങളും ചേർത്തു വെച്ചിട്ടുണ്ട്. കൗമാര പ്രായത്തിന്റെ അസ്വസ്ഥതകളിൽ അവരെ തലോടാനും അവരെ ചേർത്തണക്കാനും എസ്.ഐ.ഒ ശ്രമിച്ചിട്ടുണ്ട്. ലോകം മുഴുവൻ മൗനത്തിലാകുമ്പോൾ കലഹിക്കാൻ സാധിക്കുന്ന വിദ്യാർഥികളുടെ ഉൾക്കരുത്തിനെ തിരിച്ചറിയാൻ എസ്.ഐ.ഒക്ക് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തന കാലയളവിലെ അതിന്റെ ഊന്നലുകളിൽ വലിയൊരുഭാഗം ഹൈസ്ക്കൂൾ സംഘാടനത്തിനു വേണ്ടി മാറ്റിവെച്ചിട്ടുണ്ട്. 'സർ അതെന്താണങ്ങനെ' എന്ന കുട്ടികളുടെ പൊടുന്നനെയുള്ള ചോദ്യം, മുതിർന്നവരുടെ അഹംഭാവത്തെ മാത്രമല്ല അരുതായ്മകളുടെ നട്ടെല്ലൊടിക്കാനും അനീതികളുടെ മുഖത്തേക്ക് ചെരിപ്പെറിയാനുമുള്ള കരുത്തും കാമ്പും നിറഞ്ഞതാണ്. ചെറിയമനസ്സിന്റെ നനവും തനിമയും ഫലപ്രദമായി സമൂഹത്തിൽ എങ്ങനെ ഉപയോഗിക്കണമെന്നതിന് മാർഗനിർദേശങ്ങൾ നൽകാനും അവരുടെ അടങ്ങാത്ത ആകാംക്ഷ ക്രിയാത്മകമായി പരിവർത്തിപ്പിക്കാനും കഴിയുന്ന രീതികളിലായിരുന്നു ഓരോ മേഖലയും തങ്ങളുടെ ടീൻസ്മീറ്റിന്റെ അജണ്ടകൾ തയാറാക്കിയത്. ഉണർവ്, തെളിനീർ, സഹവാസം, പാഥേയം, വേനൽ തുടങ്ങിയ വൈവിധ്യമാർന്ന പേരുകളിലായിരുന്നു ഓരോഘടകങ്ങളും

ടീൻസ്മീറ്റുകൾ സംഘടിപ്പിച്ചത്.

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, തിരുവനന്തപുരം, നെടുമങ്ങാട്, കൊല്ലം ജില്ലയിൽ കൊല്ലം, അഞ്ചൽ, ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്, ആലപ്പുഴ, ചേർത്തല, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, ഈരാറ്റുപ്പേട്ട, ഇടുക്കിയിൽ തൊടുപുഴ, എറണാകുളം, ആലുവ, പറവൂർ, കൊച്ചി, പെരുമ്പാവൂർ, തൃശൂർ ജില്ലയിൽ നാട്ടിക, തളിക്കുളം, കൊടുങ്ങല്ലൂർ , ചാവക്കാട്, തൃശൂർ, മാള, പട്ടേപ്പാടം, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, പട്ടാമ്പി, ആലത്തൂർ, ഒറ്റപ്പാലം, പാലക്കാട്. മലപ്പുറം ജില്ലയിൽ പുറത്തൂർ, പരപ്പനങ്ങാടി, വടക്കാങ്ങര, പൊന്നാനി,തിരൂർ, ശാന്തിവയൽ, മമ്പാട്, കൊണ്ടോട്ടി, തുവ്വൂർ, കരിങ്കല്ലത്താണി, പടപ്പറമ്പ്, കരിപ്പൂർ, കോട്ടക്കൽ, പയ്യനാട്, ശാന്തപുരം, കോഴിക്കോട് ജില്ലയിൽ ചേന്ദമംഗല്ലൂർ,ഓമശ്ശേരി,ചേളന്നൂർ ,കിഴക്കുമുറി, ഊട്ടേരി, പൈങ്ങോട്ടായി, തോടത്താങ്കണ്ടി, വയനാട് ജില്ലയിൽ ലക്കിടി, കണ്ണൂർ ജില്ലയിൽ പഴയങ്ങാടി, തലശ്ശേരി, കണ്ണൂർ, കാസർകോഡ് ജില്ലയിൽ തൃക്കരിപ്പൂർ, മഞ്ചേശ്വരം, കാസർകോട് തുടങ്ങിയ സ്ഥലങ്ങളിലാണ് ടീൻസ്മീറ്റുകൾ സംഘടിപ്പിച്ചത്. വളരെ പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണരും പ്രസ്ഥാനനായകരും സാംസ്കാരിക നായകരും വിവിധ ടീൻസ്മീറ്റുകളിൽ പങ്കെടുത്തു.

ജയചന്ദ്രൻ, പി.കെ പാറക്കടവ്, ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ, ടി പ്രകാശ്വാര്യർ, പുനൂർ കരുണാകരൻ, ഹമീദലി വാഴക്കാട്, ജമാഅത്തെ ഇസ്‌ലാമി അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, സംസ്ഥാന ശൂറാംഗം യൂസുഫ് ഉമരി, ഡോ. കൂട്ടിൽ മുഹമ്മദലി, സോളിഡാരിറ്റി സംസ്ഥാന സമിതിയംഗങ്ങളായ ടി. മുഹമ്മദ് വേളം, എം. സാജിദ്, വൈ. ഇർഷാദ് എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി.എം സാലിഹ്, ജന. സെക്രട്ടറി എസ്. ഇർഷാദ്, സെക്രട്ടറിമാരായ ശിഹാബ് പൂക്കോട്ടൂർ, മുഹമ്മദ് അസ്‌ലം, പി.കെ സ്വാദിഖ്, ടി. ശാകിർ, സി.പി ഹബീബുർറഹ്മാൻ, സലീം പൂപ്പലം, സംസ്ഥാന സമിതിയംഗങ്ങളായ കെ. സ്വാദിഖ്, കെ. നജാത്തുല്ല, ലിംസീർ അലി, എ.സി മുനീഷ്, അബ്ദുൽ ഖാദർ, യു. ഷൈജു, പി.ബി.എം ഫർമീസ്, എ.ടി ശറഫുദ്ദീൻ, കെ.എസ് നിസാർ തുടങ്ങിയവർ വിവിധ ടീൻസ്മീറ്റുകളിൽ പങ്കെടുത്തു. ഏപ്രിൽ 7 മുതൽ 25 വരെയായിരുന്നു ടീൻസ് മീറ്റുകൾ. ■

# ശ്രദ്ധേയമായ ദേശീയ ശിൽപശാല

മുഹമ്മദ് പാലത്ത്

**പണ്ഡിത** സംഘടനയായ ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ഈയിടെ ദൽഹിയിൽ സംഘടിപ്പിച്ച ശിൽപശാല, ഇസ്‌ലാമിക കലാലയങ്ങളിൽ ഇസ്‌ലാമിക് ഫൈനാൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ് മുഖ്യമായും ഊന്നിപ്പറഞ്ഞത്. ഹംദർദ് യൂനിവേഴ്സിറ്റി കൺവെൻഷൻ സെന്ററിലായിരുന്നു ദ്വിദിന ശിൽപശാല. ദയൂബന്ദ്, നദ്‌വ, ബറേൽവി തുടങ്ങി അഹ്‌ലെ ഹദീസ്, ഉമറാബാദ് സ്ഥാപന-സംഘടനാ പ്രതിനിധികൾ വരെ പങ്കെടുത്ത് യോജിച്ച നീക്കങ്ങൾക്ക് തയാറായത് ചരിത്രപരമായ നേട്ടമെന്നാണ് സമാപന സെഷൻ വിലയിരുത്തിയത്.

ഇസ്‌ലാമിക് ബാങ്കിംഗും ഫൈനാൻസും ലോകതലത്തിൽ തന്നെ ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദിനേന നിരവധി ഇസ്‌ലാമിക് ഫൈനാൻസ് സ്ഥാപനങ്ങൾ ലോകമെമ്പാടും ഉയർന്നു വന്നുകൊണ്ടിരിക്കുന്നു. സെമിനാറുകളും ചർച്ചകളും ശിൽപശാലകളും നിരന്തരം സംഘടിപ്പിക്കപ്പെടുന്നു. ഈ മേഖലക്ക് സൈദ്ധാന്തിക പിൻബലവും പ്രായോഗിക പരിജ്ഞാനവും നൽകുന്ന വിദഗ്ധരെ വളർത്തിയെടുക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രമം തുടങ്ങിയിട്ടും ഏറെയായി. യൂനിവേഴ്സിറ്റികളിൽ ഇസ്‌ലാമിക് ഫൈനാൻസിലും സാമ്പത്തിക ശാസ്ത്രത്തിലും ഗവേഷണം നടത്തുന്നവരും വർധിച്ചുവരികയാണ്. മുസ്‌ലിം രാഷ്ട്രങ്ങളിൽ മാത്രമല്ല, പാശ്ചാത്യ രാഷ്ട്രങ്ങളിലെ ഹാർവാർഡിലും ലണ്ടൻ സ്കൂൾ ഓഫ് എക്ണോമിക്സിലുമെല്ലാം ഇന്ന് ആകർഷകമായ പഠനമേഖലയാണ് ഇസ്‌ലാമിക് ഫൈനാൻസ്.

അങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യയിലെ മുഖ്യധാരാ മുസ്‌ലിം സംഘടനകൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഈ വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പണ്ഡിതലോകത്തിന് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ ഭാഗമായ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും നേരത്തേ സിലബസുകളിൽ ഉണ്ട്. അവ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിപുലപ്പെടുത്തുകയും ക്രമീകരിക്കുകയുമാണ് വേണ്ടതെന്ന അഭിപ്രായമാണ് ഉയർന്നുവന്നത്. ഏതു രീതിയിൽ കോഴ്സുകൾ ആവിഷ്കരിക്കണം, പഠനരീതിയും മാധ്യമവും എങ്ങനെയാവണം, ടെക്സ്റ്റ് ബുക്കുകൾ എങ്ങനെ തയാറാക്കാം തുടങ്ങിയ കാര്യങ്ങളും ചർച്ചക്കു വന്നു.

പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയ ഇസ്‌ലാമിക സാമ്പത്തികശാസ്ത്ര വിദഗ്ധൻ ഡോ. നജാത്തുല്ലാ സിദ്ദീഖി, ഇതിന്റെ ആവശ്യകത പണ്ഡിതന്മാരെ ബോധ്യപ്പെടുത്താനാണ് ശ്രമിച്ചത്. “ശരീഅത്ത് എന്നാൽ സമൂഹത്തിന്റെ പുരോഗതിക്ക് വേണ്ടിയുള്ള നിയമങ്ങളാണ്. നീതിയാണ് അതിന്റെ ലക്ഷ്യം. സമൂഹം എപ്പോഴും മാറ്റമാണ് ആഗ്രഹിക്കുന്നത്. നീതിയിലധിഷ്ഠിതമായ മാറ്റം സാധ്യമാവാൻ നാം ആദ്യം മാറിയേ പറ്റൂ” - അദ്ദേഹം ഓർമിപ്പിച്ചു.

പ്രായോഗിക രീതികളെക്കുറിച്ച ചർച്ചയിൽ ശാന്തപുരം അൽജാമിഅ അൽ ഇസ്‌ലാമിയ ഇസ്‌ലാമിക സമ്പദ്ശാസ്ത്രത്തിൽ നൽകുന്ന ഡിപ്ലോമ കോഴ്സ് പ്രത്യേകം പരാമർശിക്കപ്പെട്ടു.

ഇന്ത്യൻ ഫിഖ്ഹ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്റ്റീവ് സ്റ്റഡീസ്, ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്ക് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. അനൈക്യത്തിനിടയിലും വിവിധ വിഭാഗം പണ്ഡിതന്മാരെ ഒരു മേശക്ക് ചുറ്റുമിരുത്താനായി എന്നത് ഫിഖ്ഹ് അക്കാദമിയുടെ നേട്ടം തന്നെ. ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്കിൽനിന്നും മുഹമ്മദ് സിറാജുൽഹഖ് (ബംഗ്ലാദേശ്), അബുൽ ആസിം ഇസ്‌ലാഹി (അലിഗഢ്) എന്നിവരാണ് പരിപാടിയിൽ പങ്കെടുത്തത്. ഡോ. ഔസാഫ് അഹ്മദ്, മൗലാനാ മുഹമ്മദ് സലീം ഖാസിമി, മൗലാനാ ഷബീർ അഹ്മദ് ഖാസിമി, ഡോ. മൻസൂർ ആലം, മൗലാനാ അതീഖ് അഹ്മദ് ഖാസിമി, മൗലാനാ ഖാലിദ് സൈഫുല്ലാ റഹ്മാനി, മൗലാനാ സൽമാൻ നദ്‌വി, മൗലാനാ വാലി റഹ്മാനി, മൗലാനാ സഈദ്റഹ്മാൻ ആസ്മി തുടങ്ങിയ നിരവധി പണ്ഡിതർ വേദിയെ ധന്യമാക്കി. ■